(സി) തിരുവനന്തപുരം, ആലപ്പുഴ, ഇടുക്കി, കണ്ണൂർ എന്നീ ജില്ലകളിലെ വിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.* മറ്റു ജില്ലകളിലെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഉണ്ട്. കുടിശ്ശികയുടെ 20 ശതമാനം ലേലത്തിനു മുമ്പ് അടച്ചുതീർത്ത കുടിശ്ശികക്കാർ ലേലത്തിൽ പങ്കെടുക്കുകയും ഷാപ്പുകൾ പിടിക്കുകയും ചെയ്യാൻ പാടില്ല എന്ന് ചട്ടമില്ല.

(എഫ്) വിവരം ശേഖരിച്ചുവരുന്നു.

കൊട്ടാരക്കര–അതിരുകൽ ബസ്സ് സർവ്വീസ്

1358 [2188] ശ്രീ. പി. ജെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര–അതിരുകൽ ബസ്സ് സർവ്വീസ് ആരംഭിച്ചത് എന്നാണ്;

(ബി) എത്ര ദിവസം ആ ബസ്സ് ഓടിയിട്ടുണ്ട്;

(സി) ഈ ബസ്സ് മുടക്കംകൂടാതെ ഓടിക്കണമെന്ന് നിവേദനം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ന്;

(ഡി) മനഃപൂർവ്വമായിട്ടാണ് ഈ ബസ്സ് സർവ്വീസ് കൊട്ടാരക്കര ഡി. റ്റി. ഒ. മുടക്കുന്നത് എന്ന് കേൾക്കുന്നത് ശരിയാണോ;

(ഇ) പൊതുജനങ്ങൾക്കും റ്റ്രാൻസ്പോർട്ട് തൊഴിലാളികൾക്കും ഒരുപോലെ പ്രയോജനമുള്ള ഈ സർവ്വീസ് തുടർന്നു നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1-3-1977-ൽ

(ബി) ആറുമാസത്തോളം.

(സി) ഉണ്ട്. 4-7-1978-ൽ ലഭിച്ചു.

(ഡി) ശരിയല്ല.

(ഇ) നടപടി സ്വീകരിച്ചിട്ടുണ്ട്.

പുത്തൻവേലിക്കര പഞ്ചായത്തിലെ ഗതാഗതസൗകര്യം

1359 [2194] ശ്രീ. ടി. കെ. അബ്ദു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുത്തൻവേലിക്കര പഞ്ചായത്തിൽ ഗതാഗതസൗകര്യം വളരെ കുറവാണെന്നകാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ചാലക്കുടി സബ്സ്റ്റേഷനിൽനിന്ന് കൂടുതൽ ബസ്സുകൾ പുത്തൻവേലിക്കരയ്ക്കു സർവ്വീസ് നടത്തുന്നതിന് നടപടി എടുക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണിക്കാം.

* അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly